**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളിലെയും കന്യാകുമാരി കേരളഹൗസിലെയും മുറികളുടെ വാടക നിരക്ക് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

**സ.ഉ. (കൈ) നം. 30/2025/GAD** **തീയതി, തിരുവനന്തപുരം, 04/03/2025**

---

പരാമർശം :- സ.ഉ (കൈ) നം. 354/2017/പൊ.ഭ.വ, തീയതി 27.11.2017.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളിലെയും കന്യാകുമാരി കേരളഹൗസിലെയും മുറികളുടെ വാടക നിരക്ക് നിശ്ചയിച്ചും മുറികൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ടും പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സർവ്വകലാശാല രജിസ്ട്രാർമാർക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന സന്ദർഭങ്ങളിൽ സർക്കാർ അതിഥിമന്ദിരങ്ങളിൽ സൗജന്യ നിരക്കിൽ താമസസൗകര്യം ക്രമീകരിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളിലെ രജിസ്ട്രാർമാരുടെ ഔദ്യോഗിക സന്ദർശനവേളകളിൽ സർക്കാർ അതിഥി മന്ദിരങ്ങളിൽ മുറി വാടകയുടെ 50% എന്ന നിരക്കിൽ താമസസൗകര്യം അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3) മേൽ ഭേദഗതിക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഹരി കുമാർ ജി**
അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

എല്ലാ സർക്കാർ അതിഥി മന്ദിരങ്ങളിലെയും മാനേജർമാർക്ക്

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസറുടെ സി.എ യ്ക്ക്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**